"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ഷീബാറാണി എം.കെ.- ക്ക് എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ സബൈൻ ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്ററിൽ വച്ച് നടത്തിയ IVF ചികിത്സയ്ക്ക് ചെലവായ 1,31,492/- രൂപ പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.199/2024/POWER തീയതി,തിരുവനന്തപുരം, 21-10-2024

---

പരാമർശം:-

1. സ.ഉ.(പി) നം. 8/2017/ആ.കു.വ. തീയതി: 10.02.2017.
2. ശ്രീമതി.ഷീബാറാണി എം.കെ.-യുടെ 27.07.2019-ലെ അപേക്ഷ.
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 28.10.2019, 08.05.2024 തീയതികളിലെ എ2-4804/2019/സി.ഇ.ഐ. നമ്പർ കത്തുകൾ.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.02.2024-ലെ (എൽ.ഡിസ്) എം.ആർ5-221475/2023/ആ.വ.ഡ. നമ്പർ കത്ത്.

**ഉത്തരവ്**

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ഷീബാറാണി. എം.കെ.-ക്ക് സ്വകാര്യ ആശുപത്രിയായ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ സബൈൻ ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്ററിൽ വച്ച് 05.02.2019 മുതൽ 02.08.2019 വരെയുള്ള നടത്തിയ IVF ചികിത്സക്ക് 133140/- രൂപ പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രിയിൽ വച്ച് നടത്തിയ ചികിത്സ ആയതിനാൽ സ്പെഷ്യൽ കേസായി പരിഗണിച്ച് ആയതിന് അനുമതി നൽകണമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി.ഷീബാറാണി എം. കെ-ക്ക് 05.02.2019 മുതൽ 02.08.2019 വരെ മൂവാറ്റുപുഴ സബൈൻ ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്ററിൽ വച്ച് നടത്തിയ IVF ചികിത്സക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 4 പ്രകാരം അനുവദനീയത അറിയിച്ച തുകയായ **1,31,492/- രൂപ (ഒരു ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി നാനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം)** പരാമർശം 1-ലെ ഉത്തരവിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. തുടർ പരിശോധനയിൽ ക്രമപ്രകാരമല്ലാതെയോ അധികമായോ തുക മാറി നൽകിയതായി കാണുന്നപക്ഷം അപേക്ഷക പ്രസ്തുത തുക തിരിച്ച് അടയ്ക്കാൻ ബാദ്ധ്യസ്ഥയാണ്. വന്ധ്യതാ ചികിത്സയിന്മേലുള്ള അപേക്ഷ ആയതിനാൽ നിയമ പ്രകാരമുള്ള എല്ലാ നടപടികളും പൂർത്തിയാക്കിയ ശേഷം മാത്രമേ അപേക്ഷകയ്ക്ക് തുക മാറി നൽകാവൂ. ഈ ഉത്തരവിലെ ഐ.വി.എഫ് ചികിത്സയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അപേക്ഷകയുടെ സേവന പുസ്തകത്തിൽ മേലധികാരി രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREETHY C S
ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ശ്രീമതി.ഷീബാറാണി എം.കെ, ഓഫീസ് അറ്റൻഡന്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
ധനകാര്യ (ലോൺസ്) വകുപ്പ് (ലോൺസ്-എൽ1/29/2022-ഫിൻ(ഇ1975749) തീയതി: 12.08.2024)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (ജി2/521/2021/ആ.കു.വ. തീയതി: 15.07.2021)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 21-10-2024 16:25:03
സെക്ഷൻ ഓഫീസർ